പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 246 09.06.2014 ൽ മറുപടിക്ക്

## പോലീസ് സേനയെ വിഭജിക്കുവാൻ നടപടി

| ചോദ്യം<br>ശ്രീമതി കെ.കെ.ലതിക | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ പോലീസ് സേനയെ ക്രമസമാധാന പാലന വിഭാഗം, കുറ്റാന്വേഷണ വിഭാഗം എന്നിങ്ങനെ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും : സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതു സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യപടിയായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പോലീസ് സിറ്റി ജില്ലകളിൽ ക്രമസമാധാനവും അന്വേഷണവിഭാഗവും വേർതിരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ത്വരിത ഗതിയിലുള്ള അന്വേഷണ പൂർത്തീകരണവും ഫലപ്രദമായ ക്രമസമാധാന പാലനവും ഉറപ്പു വരുത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ശ്രീ.പ്രേംശങ്കർ ഐ.പി.എസ് (റിട്ട.)-നെ ഇപ്രകാരം ഒരു അന്വേഷണ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ചും, ക്രമസമാധാനവും, കേസന്വേഷണവും വേർതിരിക്കുന്നതിനുള്ള നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരവും പ്രായോഗികവും, സാമ്പത്തികവുമായ നിർദ്ദേശങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് നൽകുന്നതിനുമുള്ള കമ്മീഷനായി നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ കമ്മീഷൻ നാളിതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| ബി) ഇത് സംബന്ധമായി ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ എന്നും പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ എന്നും റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ